**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2476** **24-06-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ ക്ഷേമ-ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്കായുള്ള മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സാമൂഹ്യ ക്ഷേമ-ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്കായുള്ള മസ്റ്ററിംഗ് നടപടികൾ വിശദമാക്കാമോ; | (എ) | **സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് ഒരു കൈത്താങ്ങ് എന്ന നിലക്ക് സർക്കാർ അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതയുള്ളവർക്കെല്ലാം തന്നെ അനുവദിക്കുന്നതിനോടൊപ്പം അനർഹർ കൈപ്പറ്റുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. ആയതിനാലാണ് മസ്റ്ററിംഗ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ബയോമെട്രിക് മസ്റ്ററിംഗിനായി സർക്കാർ എൻ.ഐ.സി. മുഖേന ജീവൻരേഖ സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്തിട്ടുണ്ട്. നിലവിൽ അക്ഷയകേന്ദ്രങ്ങൾ മുഖേനയാണ് ഗുണഭോക്താക്കൾ മസ്റ്റർ ചെയ്യേണ്ടത്. 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി അക്ഷയാ കേന്ദ്രങ്ങൾ മുഖേന സർക്കാർ ചെലവിൽ മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്നു. 2019-ൽ നടത്തപ്പെട്ട മസ്റ്ററിംഗ് മുഖേന 3,22,288 പേരാണ് അനർഹമായി പെൻഷൻ കൈപ്പറ്റുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടത്. ഒഴിവാക്കപ്പെട്ടവരുടെ കണക്കുകൾ പരിശോധിക്കുമ്പോൾ സർക്കാർ തലത്തിൽ വാർഷിക മസ്റ്ററിംഗ് നടപ്പാക്കുന്നതിന്റെ അനിവാര്യത വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് 2023-ൽ വാർഷിക മസ്റ്ററിംഗ് ഏർപ്പെടുത്തിയത്. 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വാർഷിക മസ്റ്ററിംഗിനായി സമയം അനുവദിച്ച് 28.03.2023-ലെ സ.ഉ.** |

| | | | |
|---|---|---|---|
| | | | **(കൈ)നം.58/2023/ധന പ്രകാരവും പ്രസ്തുത സമയം 2023 ജൂലൈ 31 വരെ നീട്ടി 27.06.2023-ലെ സ.ഉ.(കൈ)നം.102/2023/ധന പ്രകാരവും ഉത്തരവായിരുന്നു. പിന്നീട് 01.08.2023-ലെ സ.ഉ.(കൈ)നം.118/2023/ധന പ്രകാരം മസ്റ്ററിംഗിനായി അനുവദിച്ചിരുന്ന സമയം 2023 ആഗസ്റ്റ് 31 വരെ അന്തിമമായി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ആയതിനു ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപറ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു. 2024-ലെ വാർഷിക മസ്റ്ററിംഗ് ജൂൺ 25 മുതൽ ആഗസ്റ്റ് 24 വരെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**<br><br>**ബയോമെട്രിക് മസ്റ്ററിംഗിന് അവസരം നൽകിയിട്ടുള്ള സമയങ്ങളിലെല്ലാം തന്നെ വിവിധ കാരണങ്ങളാൽ അക്ഷയകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത കിടപ്പ് രോഗികൾ, 80 വയസ്സിനുമേൽ പ്രായമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ മുതലായ പെൻഷൻ ഗുണഭോക്താക്കൾ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ രേഖാമൂലം അറിയിക്കുന്ന പക്ഷം, അക്ഷയകേന്ദ്രം പ്രതിനിധികൾ വീട്ടിലെത്തി മസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നൽകിയിരുന്നു. കൂടാതെ ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർ/ ആധാർ ഇല്ലാതെ പെൻഷൻ അനുവദിക്കപ്പെട്ട 85 വയസ്സു കഴിഞ്ഞവർ, 80%-ലധികം ശാരീരിക വൈകല്യമുള്ളവർ എന്നിവർ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനുമുള്ള അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുന്നതിനായും, മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിന് മുൻപുള്ള കാലയളവ്) സമയവും അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല.** |
| (ബി) | പ്രസ്തുത നടപടികളിലൂടെ എന്തൊക്കെ കാര്യങ്ങളാണ് പരിശോധിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | **സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് ഒരു കൈത്താങ്ങ് എന്ന നിലക്ക് സർക്കാർ അനുവദിക്കുന്ന സാമൂഹ്യ** |

സുരക്ഷാ പെൻഷൻ അർഹതയുള്ളവർക്കെല്ലാം തന്നെ അനുവദിക്കുന്നതിനോടൊപ്പം അനർഹർ കൈപ്പറ്റുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. ആയതിനാലാണ് മസ്റ്ററിംഗ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ബയോമെട്രിക് മസ്റ്ററിംഗിനായി സർക്കാർ എൻ.ഐ.സി. മുഖേന ജീവൻരേഖ സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തിട്ടുണ്ട്. നിലവിൽ അക്ഷയകേന്ദ്രങ്ങൾ മുഖേനയാണ് ഗുണഭോക്താക്കൾ മസ്റ്റർ ചെയ്യേണ്ടത്. 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി അക്ഷയാ കേന്ദ്രങ്ങൾ മുഖേന സർക്കാർ ചെലവിൽ മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്നു. 2019-ൽ നടത്തപ്പെട്ട മസ്റ്ററിംഗ് മുഖേന 3,22,288 പേരാണ് അനർഹമായി പെൻഷൻ കൈപ്പറ്റുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടത്. ഒഴിവാക്കപ്പെട്ടവരുടെ കണക്കുകൾ പരിശോധിക്കുമ്പോൾ സർക്കാർ തലത്തിൽ വാർഷിക മസ്റ്ററിംഗ് നടപ്പാക്കുന്നതിന്റെ അനിവാര്യത വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് 2023-ൽ വാർഷിക മസ്റ്ററിംഗ് ഏർപ്പെടുത്തിയത്. 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വാർഷിക മസ്റ്ററിംഗിനായി സമയം അനുവദിച്ച് 28.03.2023-ലെ സ.ഉ.(കൈ)നം.58/2023/ധന പ്രകാരവും പ്രസ്തുത സമയം 2023 ജൂലൈ 31 വരെ നീട്ടി 27.06.2023-ലെ സ.ഉ.(കൈ)നം.102/2023/ധന പ്രകാരവും ഉത്തരവായിരുന്നു. പിന്നീട് 01.08.2023-ലെ സ.ഉ.(കൈ)നം.118/2023/ധന പ്രകാരം മസ്റ്ററിംഗിനായി അനുവദിച്ചിരുന്ന സമയം 2023 ആഗസ്റ്റ് 31 വരെ അന്തിമമായി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ആയതിനു ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപ്റ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു. 2024-ലെ വാർഷിക മസ്റ്ററിംഗ് ജൂൺ 25 മുതൽ ആഗസ്റ്റ് 24 വരെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബയോമെട്രിക് മസ്റ്ററിംഗിന് അവസരം നൽകിയിട്ടുള്ള സമയങ്ങളിലെല്ലാം തന്നെ വിവിധ കാരണങ്ങളാൽ അക്ഷയകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത കിടപ്പ് രോഗികൾ, 80 വയസ്സിനുമേൽ പ്രായമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ മുതലായ പെൻഷൻ ഗുണഭോക്താക്കൾ പ്രസ്തുത വിവരം

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ രേഖാമൂലം അറിയിക്കുന്ന പക്ഷം, അക്ഷയകേന്ദ്രം പ്രതിനിധികൾ വീട്ടിലെത്തി മസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നൽകിയിരുന്നു. കൂടാതെ ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർ/ ആധാർ ഇല്ലാതെ പെൻഷൻ അനുവദിക്കപ്പെട്ട 85 വയസ്സു കഴിഞ്ഞവർ, 80%-ലധികം ശാരീരിക വൈകല്യമുള്ളവർ എന്നിവർ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനുമുള്ള അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുന്നതിനായും, മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിന് മുൻപുള്ള കാലയളവ്) സമയവും അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല. |
| (സി) | സംസ്ഥാനത്ത് ജനന-മരണം സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടും മസ്റ്ററിംഗ് നടത്തുന്നത് അർഹരായവരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പുറത്താക്കാനാണ് എന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ? | (സി) | 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം നിലവിൽ മരണ രജിസ്ട്രേഷനായുള്ള റിപ്പോർട്ടിംഗ് ഫോറങ്ങളിൽ ആധാർ നമ്പർ ഉൾപ്പെടുത്തുന്നതിനുള്ള കോളങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. സോഫ്റ്റ്‌വെയറുകൾ തമ്മിൽ ഇന്റഗ്രേറ്റ് ചെയ്യുന്നതിന് പൊതുവായ ഘടകങ്ങളില്ലാത്തതിനാൽ ജനന-മരണ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറുകളും സാമൂഹ്യ സുരക്ഷാ പെൻഷൻ സോഫ്റ്റ്‌വെയറായ സേവന പെൻഷനും തമ്മിൽ നിലവിൽ ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല. അനർഹരെയും മരണപ്പെട്ടവരെയും കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള സംവിധാനം നിലവിൽ പൂർണ്ണമായും സജ്ജമാകാത്തതിനാലാണ് മസ്റ്ററിംഗ് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.<br><br>2023-ലെ ജനന മരണ രജിസ്ട്രേഷൻ (ഭേദഗതി) നിയമത്തിന്റെ അടിസ്ഥാനത്തിൽ 2024 ലെ കേരള ജനന മരണ രജിസ്ട്രേഷൻ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം മരണ രജിസ്ട്രേഷന് വേണ്ടിയുള്ള റിപ്പോർട്ടിംഗ് ഫോറങ്ങളിൽ മരണപ്പെട്ട വ്യക്തിയുടെ ആധാർ നമ്പർ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ |

| | | | |
|---|---|---|---|
| | | | **കോളം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ചട്ടങ്ങളിൽ ഭേദഗതി നിലവിൽ വരുന്നതോടെ സേവന പെൻഷൻ സോഫ്റ്റ് വെയറും ജനന മരണ രജിസ്ട്രേഷൻ സോഫ്റ്റ് വെയറുകളും(സേവന സിവിൽ രജിസ്ട്രേഷൻ, ഐ.എൽ.ജി.എം.എസ്. കെ-സ്മാർട്ട്) തമ്മിൽ ഇന്റഗ്രേറ്റ് ചെയ്യുന്നതിന് സാധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ